# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം***– 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2026 ഓഗസ്റ്റ് 4**

---

## മഹാത്മാഗാന്ധി സർവകലാശാലയിൽ അസിസ്റ്റൻറ് പ്രൊഫസർ കരാർ നിയമനം

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്, സ ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനസ് സ്റ്റഡീസ്, കെ. എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് എന്നിവിടങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 40,000 രൂപ വേതനം ലഭിക്കുന്ന ഈ തസ്തികകളിലേക്ക് യു.ജി.സി മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 70 വയസ്സ്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം വിജ്ഞാപനം വന്ന് 20 ദിവസത്തിനകം 'രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം – 686560' എന്ന വിലാസത്തിൽ തപാലിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.*

*(പി. ആർ. ഒ./725/2026)*

## എം.ജി സർവകലാശാല കൗൺസിലർമാരുടെ രേഖകൾ സമർപ്പിക്കണം

*കൗൺസിലർമാരുടെ രേഖകൾ സമർപ്പിക്കാനുള്ള തീയതി നീട്ടികോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ സർവകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകൾ, കോളേജ് തിരിച്ചറിയൽ കാർഡിൻറെ പകർപ്പ്, സ്പെസിമൻ സിഗ്നേച്ചർ*

*എന്നിവ അടങ്ങിയ നിർദ്ദിഷ്ട പ്രൊഫോർമയുടെ അസ്സൽ സമർപ്പിക്കാനുള്ള സമയപരിധി ഓഗസ്റ്റ് 7 ഉച്ചയ്ക്ക് 3 മണി വരെ നീട്ടി.*

*(പി. ആർ. ഒ./726/2026)*

## പ്രക്ടിക്കൽ

*ഓഗസ്റ്റ് 4ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എംഎ മ്യൂസിക് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10-ാം തീയതിയിലേക്ക് പുനഃക്രമീകരിച്ചു.*

*(പി. ആർ. ഒ./727/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*(പി. ആർ. ഒ./728/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**